P.R. No.138/2026 Thrissur, 23/07/2026

## പത്രക്കുറിപ്പ്

# വിദ്യാർത്ഥികളുടെ സമഗ്ര ക്ഷേമത്തിനായി എസ്.എസ്.ജി.പി. ശക്തിപ്പെടുത്തി കേരള ആരോഗ്യശാസ്ത്ര സർവകലാശാല

*സ്റ്റുഡന്റ് സപ്പോർട്ട് ആൻഡ് ഗൈഡൻസ് പ്രോഗ്രാം നോഡൽ ഓഫീസർമാരുടെ അവലോകന യോഗം സംഘടിപ്പിച്ചു.*

തൃശ്ശൂർ: വിദ്യാർത്ഥികളുടെ അക്കാദമിക്, മാനസിക, സാമൂഹിക, ശാരീരിക, പ്രത്യുൽപാദന ആരോഗ്യത്തിന് മുൻഗണനകൊടുത്തുകൊണ്ട് അവരുടെ ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള ആരോഗ്യശാസ്ത്ര സർവകലാശാല നടപ്പാക്കിവരുന്ന സ്റ്റുഡന്റ് സപ്പോർട്ട് ആൻഡ് ഗൈഡൻസ് പ്രോഗ്രാം (Student Support and Guidance Programme – SSGP) കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ എസ്.എസ്.ജി.പി. നോഡൽ ഓഫീസർമാരുടെ ജില്ലാതല അവലോകന യോഗം സർവകലാശാല ആസ്ഥാനത്ത് സംഘടിപ്പിച്ചു.

വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്തുക, വ്യക്തിഗതവും അക്കാദമികവുമായ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അതിജീവിക്കാൻ സഹായിക്കുക, ആരോഗ്യകരവും സുരക്ഷിതവുമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് എസ്.എസ്.ജി.പി.യുടെ പ്രധാന ലക്ഷ്യങ്ങൾ. വിദ്യാർത്ഥികൾക്ക് വ്യക്തിഗത കൗൺസിലിംഗ് ഉൾപ്പെടെയുള്ള പിന്തുണാ സേവനങ്ങളും പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ഓരോ കോളേജിലും ഒരു വനിതയും ഒരു പുരുഷനുമടങ്ങുന്ന രണ്ട് എസ്.എസ്.ജി.പി. നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകിവരുന്നുണ്ടെന്നും സർവകലാശാല അധികൃതർ അറിയിച്ചു.

കഴിഞ്ഞ കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നോഡൽ ഓഫീസർമാർ തമ്മിൽ അനുഭവങ്ങൾ പങ്കുവെക്കുന്നതിനും വരുംകാല പ്രവർത്തനങ്ങൾ

കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനുമായാണ് ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിച്ചത്.

കോഴിക്കോട്, വയനാട്ജി ജില്ലകളിലെ 41 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നായി 70 നോഡൽ ഓഫീസർമാരും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 41 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നെത്തിയ 60 നോഡൽ ഓഫീസർമാരും യോഗത്തിൽ പങ്കെടുത്തു.ആരോഗ്യ ശാസ്ത്ര സർവകലാശാല വിദ്യാർത്ഥികാര്യ ഡീൻ ഡോ. ആർ. ആശിഷിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ് പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. എ.കെ. മനോജ് കുമാർ "വിദ്യാർത്ഥി പിന്തുണയും കൗൺസിലിംഗ് സംവിധാനങ്ങളും കൂടുതൽ ഫലപ്രദമാക്കൽ" എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണം, കൗൺസിലിംഗ് സംവിധാനങ്ങൾ, അക്കാദമിക പിന്തുണാ സംവിധാനങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

വിദ്യാർത്ഥികളുടെ സമഗ്ര ക്ഷേമം ഉറപ്പാക്കുന്നതിലും മാനസികാരോഗ്യ സംരക്ഷണത്തിനും അനുകൂലമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലും എസ്.എസ്.ജി.പി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ് ജില്ലാതല അവലോകന യോഗങ്ങളെന്ന് സർവകലാശാല അധികൃതർ അറിയിച്ചു. എല്ലാ ജില്ലകളിലെയും എസ്.എസ്.ജി.പി. കോർഡിനേറ്റർമാർക്ക് പരിശീലനം നൽകി വിദ്യാർഥിക്ഷേമം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

Sd/-

**Registrar**